# നിയ 7:7 - 11
# മത്താ. 13:1- 23

സെപ്തംബർ 9; ഏലിയാ-ശ്ലീവാമൂശക്കാലം രണ്ടാം ഞായർ

## നിയ 7:7 – 11

### ഭാഷ്യം

### I. സന്ദർഭം

കർത്താവിന്റെ കൽപനകളും ചട്ടങ്ങളും കൃത്യമായി അനുസരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മോശ നടത്തുന്ന പ്രഭാഷണമാണ് ഇന്നത്തെ വായനയുടെ പശ്ചാത്തലം.

### II. പ്രമേയം

1. ദൈവം ഇസ്രായേൽ ജനത്തെ സ്വന്തം ജനമായി തെരഞ്ഞെടുത്ത് വഴി നടത്തിയത് അവരുടെ പുണ്യയോഗ്യതകൊണ്ടോ ശ്രേഷ്ഠതകൊണ്ടോ അല്ല, മറിച്ച് ദൈവത്തിന്റെ സ്നേഹം ഒന്നുമാത്രമാണ് അതിന് കാരണം. മറ്റു ജനതകളുമായി താരതമ്യം ചെയ്യുമ്പോൾ ഇസ്രായേൽക്കാർ അഗണ്യരും അപ്രസ്കതരുമായിരുന്നു.

2. പിതാക്കന്മാരോട് ചെയ്ത വാഗ്ദാനം പാലിക്കുന്നവനാണ് ദൈവം. അബ്രാഹത്തെ വിളിച്ചപ്പോൾ മൂന്നുകാര്യങ്ങളാണ് ദൈവം അദ്ദേഹത്തോട് വാഗ്ദാനം ചെയ്തത്. 1) അബ്രാഹത്തെ ഒരു ജനതയാക്കും 2) അദ്ദേഹത്തിന് ഒരു രാജ്യം നൽകും 3) അദ്ദേഹത്തിലൂടെ ഭൂമി അനുഗൃഹീതമാകും

### III. സന്ദേശം

1. ദൈവത്തിന്റെ മുമ്പിൽ തന്റെ നിസ്സാരത അംഗീകരിച്ച് ഏറ്റുപറയാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. ദാനമായി നൽകപ്പെട്ടിട്ടുള്ളതല്ലാതെ നിനക്ക് എന്താണ് സ്വന്തമായിട്ടുള്ളതെന്ന് വി.പൗലോസ് ശ്ലീഹാ ചോദിക്കുന്നുണ്ട്. നമ്മുടെ ജീവൻ, ആരോഗ്യം, സമ്പത്ത്, കഴിവുകൾ ഇവയെല്ലാം ദൈവത്തിന്റെ ദാനമാണ്. ഈ തിരിച്ചറിവ് യാഥാർത്ഥമായ എളിമയിലേക്ക് മനുഷ്യനെ നയിക്കും. നല്ലകാലം വരുമ്പോൾ ദൈവത്തെ മറക്കാനുള്ള ഒരു പ്രവണത മനുഷ്യർക്കുണ്ട്. ഇസ്രായേൽക്കാർക്ക് കൈവന്ന ഭാഗ്യാവസ്ഥ അവർ നേടിയെടുത്തതായിരുന്നില്ല. ചരിത്രപരമായി നോക്കിയാൽത്തന്നെ പണ്ടുകാലത്തെ സുമേറിയൻ, അക്കേഡിയൻ, മെസാപ്പൊട്ടോമിയൻ, ഈജിപ്ഷ്യൻ സംസ്ക്കാരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇസ്രായേൽക്കാർ സാമ്പത്തികവും സാംസ്ക്കാരികവുമായി തികച്ചും പിന്നോക്കമായിരുന്നു. അതുകൊണ്ടാണ് ലോക

ത്തിലെ മറ്റെല്ലാ ജനതകളെക്കാളും നിങ്ങൾ ചെറുതായിരുന്നു" എന്ന് (നിയ 7:7) ദൈവം അരുളി ചെയ്യുന്നത്.

ദൈവത്തിന്റെ കൃപാവരം ഒരു രഹസ്യമാണ്. ദുഃഖത്തിന്റെ പാനപാത്രം കുടിക്കേണ്ടിവരുമ്പോഴും നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ കാരുണ്യത്തിലും കരുതലിലും നമ്മൾ അടിയുറച്ചു വിശ്വസിക്കണം. കഷ്ടപ്പാടുകളുടെ കാഠിന്യം ജീവിതയാഥാർത്ഥ്യങ്ങളെ വേണ്ടവിധം വിലയിരുത്താൻ കഴിയാത്ത അവസ്ഥയിലേക്കു നമ്മെ നയിക്കുന്നു എന്നത് ശരിയാണ്. അവിടെയും വിശ്വാസമുള്ള വ്യക്തിക്ക് ദൃഢമായ പ്രത്യാശയും ശുഭാപ്തിവിശ്വാസവും ഉണ്ടായിരിക്കണം. കടന്നുപോന്ന വഴികളെ സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ നമ്മുടെ കഴിവുകളും യോഗ്യതകളും നോക്കിയല്ല ദൈവം നമ്മെ പരിപാലിച്ചുപോരുന്നത് എന്ന് മനസ്സിലാക്കാൻ കഴിയും. ദൈവത്തിന്റെ സ്നേഹം ഒന്നുമാത്രമാണ് അവിടത്തെ അനുഗ്രഹവർഷത്തിന് നമ്മെ പ്രാപ്തരാക്കുന്നത്. നീതീകരണം പ്രവൃത്തികൾ മൂലമല്ല വിശ്വാസം വഴിയാണ് എന്ന് വി.പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതും ഇതേ കാരണംകൊണ്ടാണ്.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ. 13:1 – 23

## I. സന്ദർഭം

മത്തായിയുടെ സുവിശേഷത്തിന്റെ മൂന്നാം ഭാഗത്തെ (11:1–13:52) പ്രമേയം യേശുവിനെ തിരസ്ക്കരിക്കുന്നതാണ്: വാക്കിലും പ്രവൃത്തിയിലും താൻ മിശിഹായാണെന്നു വെളിപ്പെടുത്തുന്ന (4:23–10:42) യേശുവിനോടുള്ള പ്രതികരണം നിഷേധാത്മകമാണ്. പതിമൂന്നാം അദ്ധ്യായത്തിലെ ആദ്യ ഉപമ (13:1–9, 18–23) വചനത്തോടുള്ള വിവിധ പ്രതികരണങ്ങളെയാണ് അവതരിപ്പിക്കുന്നത്.

## II. പ്രമേയം

വചനത്തോടുള്ള പ്രതികരണരീതിയനുസരിച്ചാണ് ഒരുവനിൽ ഫലം വിളയുക. വിത്തും വിതക്കാരനും ഒന്നുതന്നെയാണെങ്കിലും, വിളനിലത്തിന്റെ വൈവിധ്യം-പ്രതികരണരീതി-ഫലം വിളയിക്കുന്നതിൽ പ്രതിഫലിക്കുന്നു. വിതക്കപ്പെടുന്ന ദൈവികസാദ്ധ്യതകളുടെ വിളഭൂമിയാണ് നമ്മുടെ ജീവിതം. പ്രതികരണത്തിലെ വൈവിദ്ധ്യങ്ങൾ വായനക്കാരനെ വെല്ലുവിളിക്കുന്നു - ഭാവാത്മകമായി വചനത്തോടു പ്രതികരിച്ച് ഫലം പുറപ്പെടുവിക്കാൻ.

## III. സന്ദേശം

1. ഗലീലിത്തടാകതീരത്തുവച്ചാണ് ഈശോ വിതക്കാരന്റെ ഉപമ പറയുന്നത് (13:1–2). വളക്കൂറുള്ള കൃഷിഭൂമിയായിരുന്നു ഗലീലിയുടെ സമ്പത്ത്; ഇന്നും അങ്ങനെ തന്നെ. അതുകൊണ്ടുതന്നെ ഈശോയുടെ അടുത്ത് വന്നുകൂടിയവരിൽ ഏറിയ പങ്കും കർഷകരായിരുന്നിരിക്കണം. അതുകൊണ്ടുതന്നെയാണ് ഈശോ കൃഷിയുടെ കാര്യം, വിതക്കാരൻ വിതക്കാൻ പോയ കാര്യം സംസാരിക്കുന്നത്. കേൾവിക്കാരുടെ ഭാഷയിലാണ് ഈശോയുടെ സംസാരം. നിന്റെ

സംഭാഷണങ്ങളെ ക്രമപ്പെടുത്താനുള്ള വിശിഷ്ടമായ മാതൃകയാണിത്. നിന്റെ മക്കളോട് കുട്ടികളുടെ ഭാഷയിൽ സംസാരിക്കാൻ നിനക്കാകണം; ജീവിത പങ്കാളിയോട് സ്നേഹത്തിന്റെയും പരസ്പരബഹുമാനത്തിന്റെയും ഭാഷയിലും. എങ്കിലേ നിന്റെ സംഭാഷണം ശ്രവിക്കപ്പെടുകയും പരസ്പരബന്ധത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുകയുള്ളൂ.

2. നാലുതരം നിലങ്ങളിലാണ് വിത്ത് ചെന്ന് വീഴുന്നത് - വഴിയരിക്, പാറപ്പുറം, മുൾച്ചെടികൾക്കിടയിൽ, നല്ലനിലം. ആദ്യത്തെ മൂന്നു സ്ഥലങ്ങളിലും വിത്ത് നിഷ്ഫലമായിപ്പോയി. അവസാനത്തേത് മാത്രമാണ് ഫലം പുറപ്പെടുവിക്കുന്നത്. നിന്റെ അധ്വാനങ്ങളുടെ കാര്യവും വ്യത്യസ്തമാകണമെന്നില്ല. നാലിൽ മൂന്നും വൃഥാവിലായിപ്പോയെന്നിരിക്കാം. എന്നിരുന്നാലും നീ നിരാശനും അസ്വസ്ഥനുമാകരുത്; ഫലം തരുന്ന നാലിൽ ഒന്നിലേക്ക് നിന്റെ ശ്രദ്ധയും താൽപര്യവും കേന്ദ്രീകരിക്കുക. നല്ല കർഷകൻ ചെയ്യേണ്ടത് അതാണ്.

3. ഉള്ളവന് നൽകപ്പെടും; അവന് സമൃദ്ധിയുണ്ടാവുകയും ചെയ്യുമെന്നാണ് തിരുവചനം (13:12). അതായത് ഫലം പുറപ്പെടുവിക്കുന്നവന് കൂടുതൽ നൽകപ്പെടുമെന്നർത്ഥം. ഫലം പുറപ്പെടുവിക്കാനുള്ള വിളിയാണ് നിന്റേത്. അത് നീ തിരിച്ചറിയുക. ഫലം പുറപ്പെടുവിക്കുന്നതിനനുസരിച്ച് നിനക്ക് തമ്പുരാൻ കൂടുതൽ നന്മകൾ നൽകും. അതിനാൽ ലഭിക്കുന്ന ദൈവിക കൃപകളോട് സഹകരിച്ച് അവയെ ഫലപ്രാപ്തിയിലെത്തിക്കാൻ ശ്രമിക്കുക. നിന്റെ ജീവിതത്തിൽ സമൃദ്ധി നിറയുന്നത് നിനക്ക് തിരിച്ചറിയാനാവും.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: 'വഴിയരുകുകൾ'

അമേരിക്കയിലെ പ്രശസ്ത മാധ്യമപ്രവർത്തകനും നിരീശ്വരവാദിയുമായിരുന്നു ലൂയി ബ്രൗൺ. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യ എലിസബത്താകട്ടെ ഉത്തമവിശ്വാസിയായിരുന്നു. തന്റെ ഭർത്താവ് വിശ്വാസത്തിലേക്ക് കടന്നു വരണമെന്ന് അവൾ അതിയായി ആഗ്രഹിച്ചു. അതി തീവ്രമായി പ്രാർത്ഥിച്ചു. പക്ഷേ അധികനാൾ കഴിയുന്നതിനുമുമ്പേ അവൾ രോഗശയ്യയിലായി. തന്റെ മരണത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഭർത്താവിനെ കിടക്കയ്ക്കരുകിൽ വിളിച്ച് അവൾ പറഞ്ഞു: ലൂയി, എന്റെ മരണശേഷം അങ്ങ് മാമ്മോദീസ സ്വീകരിക്കുകയും ഒരു കത്തോലിക്ക പുരോഹിതനാവുകയും ചെയ്യണം". എലിസബത്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തന്റെ പ്രിയപ്പെട്ട പത്നിയുടെ മരണം ലൂയിബ്രൗണിനെ ആകമാനം തളർത്തി. മരണത്തിന് ഏതാനും നാളുകൾക്കുശേഷം എന്തോ അന്വേഷിക്കുന്നതിനിടയിൽ മരണത്തിന് ഏതാനും നാളുകൾ മുമ്പ് എലിസബത്ത് എഴുതിവച്ച ഒരു കുറിപ്പ് കണ്ട് ലൂയി ബ്രൗൺ ഞെട്ടിത്തെറിച്ചുപോയി: "ദൈവമേ എന്റെ ഭർത്താവിന്റെ മാന

സാന്തരത്തിനാവശ്യമായ അത്രയും സഹനം എനിക്കു നൽകണമേ." തന്റെ മാനസാന്തരത്തിനുവേണ്ടി തന്റെ ഭാര്യ ദൈവസന്നിധിയിൽ നിന്നും മരണ ത്തോളം എത്തിനിൽക്കുന്ന സഹനം ചോദിച്ചുവാങ്ങിതാണെന്നറിഞ്ഞ നിമിഷം ലൂയിയുടെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹത്തിന്റെ നിരീശ്വരത്വം അവിടെ ചിറകറ്റുവീണു. പിന്നീട്, അദ്ദേഹം വിശ്വാസത്തിലേക്ക് കടന്നുവരുകയും ഒരു കത്തോലിക്കാ പുരോഹിതനാവുകയും ചെയ്തു. സുവിശേഷത്തിന്റെ വെളിച്ച ത്തിൽ ചിന്തിക്കുമ്പോൾ ലൂയി ബ്രൗണെന്ന നിരീശ്വരവാദിയിൽ വിശ്വാസ വിത്ത് വളർന്ന് നൂറ്മേനി ഫലം പുറപ്പെടുവിക്കാനുതകുന്ന നല്ലനിലമായി എലിസബത്ത് വർത്തിച്ചു. ക്രിസ്തുപറഞ്ഞ വിതക്കാരന്റെ ഉപമ 'നല്ല വിത്താ കാനുള്ള ആഹ്വാനമല്ല' നല്ല നിലമാകാനുള്ള ഉൾവിളിയാണ് വിശ്വാസിക്കു നൽകുന്നത്. കാരണം വിത്തിന്റെ ഗുണമേന്മയിലുള്ള വൈജാത്യംകൊണ്ടല്ല; മറിച്ച് വിത്തിനെ സ്വീകരിച്ച നിലത്തിന്റെ അന്തരംകൊണ്ടാണ് വ്യത്യസ്തമായ വിളവുകൾ ഉടമസ്ഥനു ലഭിക്കുന്നത്. അതുകൊണ്ട് 'വിതക്കാരന്റെ ഉപമ' നല്ല വിത്തിന്റെ വി.ഗ്രന്ഥത്തിലെ ഇതര ഉപമകളിൽ നിന്ന് 'വിതക്കാരന്റെ ഉപമ'യെ വ്യത്യസ്തമാക്കുന്ന ഘടകം ഉപമയുടെ വ്യാഖ്യാനവും ഈശോ നൽകുന്നുവെന്നതാണ്. ശ്രോതാക്കൾ പലരീതിയിൽ വ്യാഖ്യാനിച്ച് ഉപമയുടെ ആന്തരികാർത്ഥം ചോർത്തിക്കളയാനുള്ള സാധ്യത മുൻകൂട്ടി കണ്ടതുകൊണ്ടാ വണം സ്വയം വ്യാഖ്യാനിക്കാൻ ഈശോ മുതിരുന്നത്.

വിത്ത് ദൈവവചനമാണെന്നും അത് നിക്ഷേപിക്കപ്പെടുന്നത് വ്യത്യസ്ത മായ ഹൃദയ നിലങ്ങളിലാണെന്നും ഈശോ തന്നെ വ്യാഖ്യാനിക്കുന്നു. വഴിയ രുകിൽ വീണ വിത്ത് ദുഷ്ടൻ അപഹരിച്ചുകൊണ്ടുപോയെന്ന് ഈശോ പഠി പ്പിക്കുന്നു. 'വഴിയരുകുകൾ' വിശാലമാകുന്നുണ്ടോയെന്ന് സമകാലീന കേരള കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികത വിലയിരുത്തുമ്പോൾ തോന്നിപ്പോ കും. കൂണുപോലെ പൊട്ടിമുളയ്ക്കുന്ന പെന്തക്കോസ്തുസഭാവിഭാഗങ്ങളിലേ ക്കും, എംപറർ ഇമ്മാനുവേൽ ട്രസ്റ്റ്, സ്പരിറ്റ് ഇൻ ജീസസ്, സ്വർഗ്ഗീയ വിരുന്ന്, കവനന്റ് പീപ്പിൾ തുടങ്ങിയ ക്രൈസ്തവ സെക്ടുകളിലേക്കും മാതൃസഭയെ തള്ളിപ്പറഞ്ഞ് വിശ്വാസികൾ ചേക്കേറുമ്പോൾ 'വഴിയരുകുകൾ' വിശാലമാകു ന്നുവെന്ന് വിശ്വസിക്കാതിരിക്കാൻ തരമില്ല. സത്യവിശ്വാസത്തിൽ നിന്നും വിശ്വാസികളെ ചിതറിച്ചുകളയുന്ന സെക്ടുകളിലൂടെ 'ദുഷ്ടൻ' ഇന്നും സമൂഹ ത്തിൽ പുനർജനിക്കുന്നു.

വചനവിത്ത് വളരാൻ അനുയോജ്യമായ പരിതസ്ഥിതി സമ്മാനിക്കാൻ കഴിവില്ലാത്ത 'പാറപ്പുറങ്ങൾ' വിശ്വാസത്തിന്റെ യഥാർത്ഥപാതയിൽ നിന്ന് എത്രയോ അകലെയാണ്. പ്രസിദ്ധമായ ധ്യാനകേന്ദ്രങ്ങളിൽ പോയി മാന സാന്തരപ്പെട്ടുവെന്ന് അവകാശപ്പെടുന്നവർ ധ്യാനത്തിന്റെ 'ലഹരി' മാറു മ്പോഴേക്കും മദ്യത്തി ലേക്കും മദിരാശിയിലേക്കും ചുവട്മാറ്റം നടത്തപ്പെടുന്നു. കാതലായ മാനസാന്തരത്തിലേക്ക് (radical conversion) ദൈവവചനം നമ്മെ

നയിക്കേണ്ടിയിരിക്കുന്നു.

ദൈവവചനം ഒരുവനിൽ വളരാൻ അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാവണം. നിർമ്മലമായ അന്തരീക്ഷത്തിൽ മാത്രമേ ദൈവവചനം ഫലം പുറപ്പെടുവിക്കൂ. 'സകല തിന്മകളുടെയും മൂലം ദ്രവ്യാഗ്രഹമാകുന്നു'വെന്ന് (1 തിമോ 6:10) വി.പൗലോസ് ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടല്ലോ. പാപങ്ങളും ജഡത്തിന്റെ വികാരങ്ങളുമാണ് ഒരുവനെ നയിക്കുന്നതെങ്കിൽ മുൾച്ചെടികൾക്കിടയിൽ വീണ വിത്തിന്റെ കഥ പുനരാവിഷ്ക്കരിക്കപ്പെടും.

ക്രിസ്തുവചനം അതിന്റെ പൂർണ്ണതയിൽ സ്വീകരിച്ച പ. കന്യാമറിയവും, ശ്ലീഹന്മാരും, സഭാപിതാക്കന്മാരും സഭയിലെ വിശുദ്ധരുമൊക്കെ നല്ല നിലത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. ഏറ്റവും നല്ല നിലം ക്രിസ്തുതന്നെയായിരുന്നുവെന്നതിന് ചരിത്രം സാക്ഷി. കാരണം പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളാൻ പോരുന്ന ആദ്ധ്യാത്മികത അവൻ സ്വന്തമാക്കിയിരുന്നു. നല്ലനിലമാണെങ്കിൽ മണ്ണിന് ആഴമുണ്ടായിരിക്കണം. അത്ഫലപുഷ്ടിയുള്ളതായിരിക്കണം. മനുഷ്യജീവിതത്തിൽ ആഴമുള്ള വ്യക്തികളെ തിരിച്ചറിയുന്നത് മാനുഷിക ഗുണങ്ങളുടെ സമൃദ്ധിയിലാണ്. ഏറ്റവും നല്ല നിലം ക്രിസ്തുതന്നെയായിരുന്നുവെന്നതിന് ചരിത്രം സാക്ഷി. കാരണം പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളാൻ പോരുന്ന ആദ്ധ്യാത്മികത അവൻ സ്വന്തമാക്കിയിരുന്നു. "നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരം" എന്ന് ക്രിസ്തുപറയുമ്പോൾ നല്ല നിലമാകുന്ന പ്രക്രിയയുടെ പരകോടിയിൽ അവൻ എത്തിയെന്ന് നമുക്ക് അനുമാനിക്കാം. അപരോന്മുഖതയുടെ ആഴങ്ങളിൽ നല്ല നിലമാകാൻ നമുക്കും പരിശ്രമിക്കാം.

**ഫാ. അനീഷ് ഈറ്റക്കക്കുന്നേൽ**

---

*......പേജ് 11-ൽ നിന്ന് തുടർച്ച*

കാണാൻ, ആ കുറവുകൾ അംഗീകരിക്കാൻ സാധിച്ചതാണ് അവരുടെ ജീവിതവിജയം, സക്കേവൂസ് കരുതിയത് പൊക്കം കുറവാണ് അവൻെറ കുറവ് എന്നാണ് . എന്നാൽ ക്രിസ്തു ധനത്തെയാണ് കുറവായി കണ്ടത്, ഇതാണ് നമ്മെ ചിന്തിപ്പിക്കേണ്ടത്. നാം കുറവായി കാണുന്നതായിരിക്കില്ല, ക്രിസ്തുവിൻെറ സന്നിധിയിൽ കുറവായിഗണിക്കപ്പെടുന്നത്. നമ്മുടെ കാഴ്ചപ്പാടിൽ തികഞ്ഞതായി തോന്നുന്നത്, കർത്താവിന് കുറവായിരിക്കാം . അന്ധതയിൽ നിന്ന് കാഴ്ചയിലേയ്ക്കും, കാഴ്ചയിൽ നിന്ന് കാഴ്ച്ചപാടിലേക്കും, കാഴ്ച്ചപാടുകളിൽ നിന്ന് പ്രവർത്തനങ്ങളിലേക്കും നമ്മെ നയിക്കാൻ കർത്താവിൻെറ സ്പർശം തന്നെ ലഭിക്കണം. അതിന് നമുക്ക് പ്രാർത്ഥിക്കാം. ദാവീദിൻെറ പുത്രാ ഞങ്ങളിൽ കനിയേണമേ. കർത്താവിൻെറ ആഗ്രഹം ഇതാ നമ്മുടെ കാതുകളിൽ മുഴങ്ങുന്നു, ഇന്ന് എനിക്ക് നിൻെറ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു! "കർത്താവിൻെറ ആഗ്രഹം നമുക്ക് ഹൃദയത്തിൽ സ്വീകരിക്കാം".

**ഫാ. പ്രസാദ് കുരിശിങ്കൽ സി.എസ്.റ്റി**